(ബി) ഖനനാനുമതി എത്രയും പെട്ടെന്ന് റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ., സംസ്ഥാന സർക്കാരിന്റെ കെ.എസ്.ഐ.ഡി.സി., ഐ.ഡി.ബി.ഐ., ആലുവയിൽ പ്രവർത്തിക്കുന്ന സി.എം.ആർ.എൽ. എന്ന കമ്പനി എന്നിവ ചേർന്ന് രൂപീകരിച്ച സംയുക്ത സംരംഭമായ കെ.ആർ.ഇ.എം.എൽ. എന്ന സ്ഥാപനത്തിന്റെ അപേക്ഷകളിൽ ചിലത് കേന്ദ്ര ഖനിമന്ത്രാലയം പരിഗണിച്ച് മുൻകൂർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഖനനാനുമതി അന്തിമമായി നൽകിയിട്ടില്ലാത്തതിനാൽ റദ്ദ് ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ല.

കാസർകോട് ജില്ലയിലെ കിനാനൂർ കരിന്തളം പഞ്ചായത്തിലെ ബോക്സൈറ്റ്, ക്ലേ, ലിഗ്നൈറ്റ് ഖനനം

157 [1340] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കിനാനൂർ, കരിന്തളം പഞ്ചായത്തിലെ ബോക്സൈറ്റ്, ക്ലേ, ലിഗ്നൈറ്റ് എന്നിവ ഖനനം നടത്തുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങൾ അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ഏതൊക്കെ വില്ലേജുകളിൽ എത്ര ഏക്കർ സ്ഥലത്താണ് ഖനനം നടത്തുന്നതിന് ഉദ്ദേശിക്കുന്നതെന്നും എത്ര ആഴത്തിൽ ഏതൊക്കെ ഖനിജങ്ങൾ കുഴിച്ചെടുക്കുമെന്നും അറിയിക്കാമോ;

(സി) ഖനിജങ്ങളുടെ സംസ്ക്കരണത്തിന് ഈ പ്രദേശത്ത് സംസ്ക്കരണശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഖനനം നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് എന്തെങ്കിലും ഉപാധികൾ മുന്നോട്ടു വെച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ;

(ഇ) ഖനനം നടത്തുന്നതിന് അനുമതി നൽകരുതെന്ന് അവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടനകളോ പൊതുജനങ്ങളോ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) ഖനനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ജനപ്രതിനിധികളോ രാഷ്ട്രീയ പാർട്ടികളോ തദ്ദേശ ഭരണ സ്ഥാപനങ്ങളോ സർക്കാരിന് റിപ്പോർട്ടോ നിവേദനങ്ങളോ നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) ബോംബെ ആസ്ഥാനമായുള്ള ആഷാപുര എന്ന സ്ഥാപനം ഖനനത്തിന് അപേക്ഷകൾ നൽകിയിട്ടുണ്ട്. ബോക്സൈറ്റ്, ലാറ്ററേറ്റ്, ചൈനാ ക്ലേ എന്നിവ ഖനനം ചെയ്യുന്നതിനാണ് അപേക്ഷകൾ നൽകിയിട്ടുള്ളത്. ഇതിൻമേൽ രണ്ട് അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ബാക്കി അപേക്ഷകൾ ഖനന ഭൂവിജ്ഞാന വകുപ്പിൽ വിവിധ ഘട്ടങ്ങളിലായി പരിശോധനയിലാണ്.

(ബി) കിനാനൂർ വില്ലേജിൽ 675.9895 ഹെക്ടർ, കരിന്തളം വില്ലേജിൽ 426.55 ഹെക്ടർ എന്നിങ്ങനെ മൊത്തം 1102.5395 ഹെക്ടർ സ്ഥലത്ത് ബോക്സൈറ്റ്, ക്ലേ എന്നീ ഖനിജങ്ങൾ കുഴിച്ചെടുക്കുവാൻ നൽകിയ അപേക്ഷകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. 6-8 മീറ്റർ വരെ ആഴത്തിൽ കാണുന്ന ബോക്സൈറ്റും അതിനു താഴെ 22 മീറ്റർ വരെ ആഴത്തിൽ കാണപ്പെടുന്ന ക്ലേയും കുഴിച്ചെടുക്കാനാണ് അപേക്ഷകൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഖനിജങ്ങളുടെ സംസ്ക്കരണത്തിന് 10 കോടി രൂപ മുതൽമുടക്കിൽ ഒരു കാൽസിനേഷൻ പ്ലാന്റ് നീലേശ്വരത്ത് സ്ഥാപിക്കുവാൻ ഉള്ള സന്നദ്ധത അപേക്ഷകൻ പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്ത് ഉപാധികളൊന്നും മുന്നോട്ടുവച്ചിട്ടില്ല. എങ്കിലും ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും ഒരു യോഗം ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയതിൽ ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഖനനത്തിനുള്ള പദ്ധതി സ്വാഗതാർഹമാണ്. പ്രാദേശിക തൊഴിലാളികളെ ഖനനത്തിനു നിയോഗിക്കാൻ അനുമതിയിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. പരിസ്ഥിതിക്കും കുടിവെള്ളത്തിനും പ്രതികൂലമായി ആഘാതം ഏൽപ്പിക്കാതെ ഖനനം ചെയ്യേണ്ടതാണ്. മേൽ വിവരിച്ച പ്രകാരമുള്ള ചില പൊതു നിർദ്ദേശങ്ങളാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നിട്ടുള്ളത്. ഇതിനോട് പൂർണ്ണമായ അംഗീകാരമാണ് കമ്പനി പ്രകടിപ്പിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികളുടെ ആവശ്യങ്ങൾ നടപ്പിലാക്കാൻ നടപടി

158 [1361] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഈറ്റത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിവന്നിരുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈറ്റത്തൊഴിലാളികൾ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യങ്ങളിൽ സർക്കാർ എന്തെല്ലാം അംഗീകരിച്ചു എന്നും ഏതെല്ലാം നടപ്പിലാക്കി കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ബി) ഈറ്റത്തൊഴിലാളികൾക്ക് സൗജന്യറേഷൻ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നുവരെയാണ് ഇത് പ്രഖ്യാപിച്ചിട്ടുള്ളത്; ഓണക്കാലം വരെയെങ്കിലും ഈറ്റത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly